



ഓം നമ: ശിവായ

# വേഴാങ്ങാനം മഹാദേവ സ്തുതി

മിന്നും ശൂലം ധരിച്ചും ഹിമഗിരിസുതയേ
വാമഭാഗത്തു ചേർത്തും
ലോകം രക്ഷിക്കുവാനായ്ദ്ദിതിതനയകുലം
സംഹരിച്ചും ഹസിച്ചും
കാരുണ്യത്താൽ നിറഞ്ഞും പനിമതി ജടയിൽ_
ച്ചാർത്തിയും വാണിടുന്ന
വേഴാങ്ങാനം പുരത്തിന്നധിപതി വരദാ
പാർവ്വതീശാ തൊഴുന്നേൻ 1

ഭംഗ്യാശോഭിച്ചിടുന്നാജ്ജടനടുവിലഹോ
ജാഹ്നവീദേവി; തിങ്കൾ
ക്കീറും;കണ്ഠത്തിലോനാഗവുമഥവിഷവും
താവകാഭൂഷണങ്ങൾ
ആനത്തോൽകൊണ്ടുടുത്തത്തിരുവുടലഖിലം
ഭസ്മവും തേച്ചു ചെമ്മേ
വേഴാങ്ങാനത്തു വാഴും സ്മരരിപു ഭഗവാൻ
സർവദായാശ്രയം മേ 2



ചൊൽക്കൊണ്ടീടുന്ന ഭക്ത്യാ കഴലിണപണിയും
ഭക്തജാലത്തിനെല്ലാം
ചേണാർന്നീടുന്നകയ്യാൽ വരമരുളുമുമാ
വല്ലഭാ നിൻ പ്രദോഷ
ശ്രീനൃത്തത്തിന്നുമെത്തും ചമയമനുപമം
ചൊല്ലുവാനാവതല്ല
വേഴാങ്ങാനം പുരേശാ പുരഹര ശിവനേ
പാഹിമാം വിശ്വനാഥാ 3

നേത്രാഗ്നിജ്വാലതന്നിൽ യമനുടെതനുചു_
ട്ടങ്ങെരിച്ചുറ്റഭക്തൻ
മാർക്കണ്ഡേയന്റെ ദു:ഖം പരിചൊടു സദയം
പോറ്റി നീ മാറ്റിയില്ലേ
ചെറ്റാക്കാരുണ്യമീശായിവനിലുമലിവോ_
ടിന്നുനീയേകിടേണേ
വേഴാങ്ങാനം മഹേശാ വിധിഹരിസുരനാ_
ഥാദിവന്ദ്യാതൊഴുന്നേൻ 4

ചേലേറും രത്നഹാരം ഗളമതിലണിയും
പാർവ്വതീ ദേവിയോടും
ദേവൻ കുംഭീന്ദ്രനോടും ഹരിഹരസുതനാം
ധർമ്മശാസ്താവിനോടും
ഭൂതേശൻ നന്ദിയോടും ഉരഗഗണമൊടും
യക്ഷിരക്ഷസ്സിനോടും
വേഴാങ്ങാനത്തമർന്നീധരണിയഖിലം
കാക്കുമീശാ നമസ്തേ 5

ഓം നമ: ശിവായ

________ശുഭം________

സുകേഷ് പാലാ